File No.LSGD-IA3/9/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - മുണ്ടംവേലി ക്ലസ്റ്റർ മൽസ്യ കൃഷി ഫാം പദ്ധതി ടെൻഡർ/ലേലം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1922/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/09/2019

പരാമർശം:- 1 24.06.2015 തീയതിയിലെ സ.ഉ(സാധാ)നം.1914/2015/തസ്വഭവ

2 വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 16.01.2019, 04.06.2019, 20.07.2019-ലെ 6764/എസ്റ്റേറ്റ്/ബി-4/2018/ജിസിഡിഎ നമ്പർ കത്ത്.

ഉത്തരവ്

ജി.സി.ഡി.എ. വിഭാവനം ചെയ്ത മുണ്ടംവേലി ഫാം ടൂറിസം പദ്ധതി പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം അതോറിറ്റിയുടെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ ആദ്യ പദ്ധതിയായ മത്സ്യകൃഷി നടത്തിപ്പിന് നൽകിയപ്പോൾ നടത്തിപ്പുകാരന്റെ നിസ്സഹകരണം മൂലം തുടർന്ന് നടപ്പാക്കുവാൻ കഴിയാതെ വരികയും അക്കാരണത്താൽ അതോറിറ്റിയ്ക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടായികൊണ്ടിരിക്കുകയും യന്ത്രസാമഗ്രികൾ പരിപാലനമില്ലാതെ കേടുപാടുകൾ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ടി പദ്ധതി നിലവിലുള്ള അവസ്ഥയിൽ തന്നെ ടെൻഡർ/ലേലം ചെയ്ത് നൽകുന്നത് അതോറിറ്റിയ്ക്ക് വരുമാനം ഉണ്ടാക്കുമെന്നും അതോടൊപ്പം കെട്ടിടം, ജലം, യന്ത്രസാമഗ്രികൾ എന്നിവ സംരക്ഷിക്കപ്പെടുന്നതിനും ഉപകരിക്കും എന്നും അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം, സ്ഥലം, കുളം, യന്ത്രസാമഗ്രികൾ ഉൾപ്പെടെ ടെൻഡർ/ലേലം ചെയ്ത് നൽകുന്നതിനുള്ള അനുമതിക്കായി വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുണ്ടംവേലി ക്ലസ്റ്റർ മൽസ്യകൃഷി വിളവെടുപ്പ് നടത്താൻ കഴിയാത്തതു മൂലം വിശാല കൊച്ചി വികസന അതോറിറ്റിയ്ക്ക് നഷ്ടം നേരിടുന്നു എന്ന വസ്തുത പരിഗണിച്ച് പദ്ധതി സ്ഥലത്തെ പാരിസ്ഥിതിക ക്ലിയറൻസിനും ബന്ധപ്പെട്ട മാനദണ്ഡങ്ങൾക്കും വിധേയമായി ടെൻഡർ/ലേലം നടത്തുന്നതിന് അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ